<u>**15 -ാം കേരള നിയമസഭ**</u>

<u>**2 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5362**</u> <u>**12-08-2021 - ൽ മറുപടിയ്ക്ക്**</u>

<u>**ലോക്ഡൗൺ കാലത്ത് വൈദ്യുതി ഉപഭോക്താക്കൾക്ക് ഇളവ്**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എൻ എ നെല്ലിക്കുന്ന്** | | **Shri. K. Krishnankutty**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | ലോക്ഡൗൺ തുടങ്ങിയത് മുതൽ എത്രപേർക്ക് തവണകളായി വൈദ്യുതി ബില്ലടയ്ക്കാൻ സൗകര്യം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ലോക് ഡൗൺ തുടങ്ങിയതു മുതൽ 1,39,585 ഉപഭോക്താക്കൾക്ക് തവണകളായി വൈദ്യുതി ബിൽ അടയ്ക്കുവാൻ സൗകര്യം നൽകിയിരുന്നു . |
| (ബി) | തവണകളായി പണം അടയ്ക്കാനുള്ള സൗകര്യം നൽകിയിട്ടും വീഴ്ചവരുത്തിയവർ എത്രയാണെന്നും ആ നിലയിൽ എത്ര കുടിശ്ശികകൾ ഉണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) | തവണകളായി വൈദ്യുതിബിൽ അടയ്ക്കാൻ സൗകര്യം നൽകിയിട്ടും 10041 ഉപഭോക്താക്കൾ വൈദ്യുതി ചാർജ് അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ആ നിലയിൽ നിലവിലെ കുടിശ്ശിക 2,24,84,746.54 രൂപയാണ്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (സി) | കുടിശ്ശിക നിവാരണത്തിന് എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ കുടിശ്ശിക എപ്പോഴാണ് പിരിച്ചെടുക്കാൻ സാധിക്കുക എന്ന് വ്യക്തമാക്കാമോ? | (സി) | കോവിഡ് മഹാമാരി മൂലം ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് കണക്കിലെടുത്ത് ഗവണ്മെന്റ് നിർദ്ദേശപ്രകാരം നിലവിൽ വൈദ്യുതി തുക കുടിശ്ശിക അടയ്ക്കാത്ത ഉപഭോക്താക്കളുടെ വൈദ്യുതി വിച്ഛേദിക്കുന്ന നടപടികൾ നിർത്തിവച്ചിട്ടുണ്ട്. തത്ഫലമായി കെ.എസ്.ഇ.ബി.എൽ-നു പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക തുകയിൽ വൻ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കുടിശ്ശിക പിരിച്ചെടുക്കാൻ തവണകൾ അനുവദിച്ചും സെക്ഷൻ തലത്തിൽ, ഉപഭോക്താക്കളോട് നേരിട്ട് ഫോൺ വഴി അഭ്യർത്ഥിച്ചും കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | തവണകളായി വൈദ്യുതി ബിൽ അടയ്ക്കാൻ സൗകര്യം നൽകിയിട്ടും അടയ്ക്കാത്ത ഉപഭോക്താക്കളുടെ എണ്ണം | തവണകളായി വൈദ്യുതി ബിൽ അടയ്ക്കാൻ സൗകര്യം സ്വീകരിച്ച ഉപഭോക്താക്കളുടെ നിലവിലെ കുടിശ്ശിക തുക |
|---|---|---|
| തിരുവനന്തപുരം | 1041 | 2880622.93 |
| കൊല്ലം | 785 | 1517252.6 |
| പത്തനംതിട്ട | 295 | 593185.15 |
| കോട്ടയം | 771 | 1195155.31 |
| ആലപ്പുഴ | 888 | 1139917.20 |
| എറണാകുളം | 2425 | 6841573.5 |
| ഇടുക്കി | 119 | 426105.41 |
| തൃശ്ശൂർ | 646 | 1080556.97 |
| പാലക്കാട് | 527 | 1109884.06 |
| മലപ്പുറം | 366 | 945876.69 |
| കോഴിക്കോട് | 1493 | 3038854.19 |
| കണ്ണൂർ | 407 | 1078080.84 |
| വയനാട് | 130 | 167925.16 |
| കാസറഗോഡ് | 148 | 469756.53 |
| ആകെ | **10,041** | **2,24,84,746.54** |

സെക്ഷൻ ഓഫീസർ